"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കൊല്ലം ജില്ല കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാർക്ക് ശ്രീ. സന്തോഷ് പി - യുടെ പ്രൊബേഷൻകാലയളവ് ദീർഘിപ്പിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1737/2026/LSGD തീയതി,തിരുവനന്തപുരം, 14-09-2026

---

പരാമർശം:-

1. 15.03.2010ലെ G.O(MS) No.58/2010/ID.
2. 09.07.2010ലെ G.O(MS) No.144/2010/LSGD.
3. പഞ്ചായത്ത് ഡയറക്ടറുടെ 28.07.2010ലെ ഇ8-9268/1010 നമ്പർ നടപടിക്രമങ്ങൾ.
4. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31.08.2011ലെ E3-6569/2010 നമ്പർ നടപടിക്രമങ്ങൾ.
5. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ.
6. തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 27.09.2024ലെ LSGD/JD/KLM/7360/2024-A3 നടപടിക്രമങ്ങൾ.
7. തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 10.03.2025ലെ LSGD/JD/KLM/2011/2025-A3 നമ്പർ നടപടിക്രമങ്ങൾ.
8. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.03.2026ലെ LSGD/PD/16819/2025-DEC3 നമ്പർ കത്ത്.

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.08.2026ലെ

9. LSGD/PD/16819/2025-DEC3 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് തസ്തികയിൽ നിന്ന് **30.04.2025 തീയതി സേവനത്തിൽ നിന്ന് വിരമിച്ച** ശ്രീ സന്തോഷ് പി യുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം 02.08.2013 മുതൽ 01.05.2019 വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (8) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1),(2),(3) എന്നിവ പ്രകാരം കൊല്ലം ജില്ലയിലെ ശൂരനാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ 02.08.2010 തീയതിയിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ സന്തോഷ് പി യുടെ നിയമനം പരാമർശം (4) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാൻ പ്രൊബേഷൻ കാലയളവിനെ ബാധിക്കുന്ന യാതൊരു അവധികളും ഉപയുക്തമാക്കിയിട്ടില്ലെന്നും ടിയാൾ എസ് എൽ ഐ, ജി ഐ എസ് , പി എഫ് എന്നിവയിൽ അംഗത്വം എടുത്തിട്ടുള്ളതാണെന്നും പരാമർശം (8) ,(9) എന്നിവ പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സന്തോഷ് പി 29.04.2019 തീയതി 50 വയസ്സ് കൈവരിച്ച സാഹചര്യത്തിൽ പരാമർശം (6) പ്രകാരം 30.04.2019 തീയതി പ്രാബല്യത്തിൽ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്ന് ടിയാനെ സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്. ശ്രീ. സന്തോഷ് പി - യുടെ പ്രൊബേഷൻ കാലയളവ് 02.08.2012 തീയതി മുതൽ ഒരു വർഷത്തേക്ക് പരാമർശം(7) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സന്തോഷ് പി -യുടെ - യുടെ ജനനത്തീയതി 30.04.1969 ആണ്. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) ശിപാർശ പരിഗണിച്ച് കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലാർക്ക് ശ്രീ. സന്തോഷ് പി - യുടെ പ്രൊബേഷൻ 30.04.2019 തീയതി പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് കഴിയുന്ന വിധം KS&SSR Part II ചട്ടം13(B) Proviso 4, പരാമർശം (5) സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 02.08.2013 മുതൽ 01.05.2019 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ.

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

4.സെക്രട്ടറി,കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

5. ശ്രീ. സന്തോഷ് പി , മുൻ ക്ലർക്ക് , കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

6.ഡയറക്ടർ . ഐ കെ എം.

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

8.കരുതൽ ഫയൽ (ഫയൽ നം.56/ഇപിഎ1/2026-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 15-09-2026
12:17:58

സെക്ഷൻ ഓഫീസർ